## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2520** **02-08-2021 - ൽ മറുപടിയ്ക്ക്**

## നിലമ്പൂർ മണ്ഡലത്തിൽ വിദ്യാർത്ഥികളുടെ ഉപരിപഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നിലമ്പൂർ മണ്ഡലത്തിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട് എന്നറിയിക്കാമോ; ഇതിൽ എത്ര പേർക്കാണ് മുഴുവൻ വിഷയത്തിലും A+ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | (എ) 2021 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ നിലമ്പൂർ മണ്ഡലത്തിൽ 4,784 കുട്ടികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. ഇതിൽ 1,158 പേർക്ക് മുഴുവൻ വിഷയത്തിലും A+ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, എന്നീ വിഭാഗങ്ങളിൽ സർക്കാർ, എയിഡഡ്, അൺ എയ്ഡഡ് മേഖലയിൽ എത്ര സീറ്റുകൾ വീതമാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ; | (ബി) | (ബി) 2021-22 അദ്ധ്യയന വർഷം ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി, പ്ലസ് വൺ പ്രവേശനത്തിന് നിലമ്പൂർ നിയോജക മണ്ഡലത്തിൽ ലഭ്യമായ സീറ്റ് വിവരം ചുവടെ ചേർക്കുന്നു. ഹയർസെക്കന്ററി സർക്കാർ- 1,300 എയ്ഡഡ്- 2,350 അൺ എയ്ഡഡ്- 439 വൊക്കേഷണൽ ഹയർസെക്കന്ററി സർക്കാർ-90 എയ്ഡഡ്-60 |
| (സി) | ഉപരിപഠനത്തിന് യോഗ്യത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനാവസരം ഉറപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; നിലവിലുള്ള സ്ഥാപനങ്ങളിൽ ഒന്നാം വർഷ പ്രവേശനത്തിന് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനോ മറ്റു ജില്ലകളിലെ അധികമുള്ള ബാച്ചുകൾ പുനർവിന്യസിക്കുന്നതിനോ നടപടി സ്വീകരിക്കുമോ? | (സി) | (സി) കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ചു കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർസെക്കന്ററി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല . |

സെക്ഷൻ ഓഫീസർ